**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5611** **08-07-2024 - ൽ മറുപടിയ്ക്ക്**

**പത്രപ്രവർത്തക പെൻഷൻ മാനേജിംഗ് കമ്മിറ്റി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പത്രപ്രവർത്തക പെൻഷൻ മാനേജിംഗ് കമ്മിറ്റി അവസാനമായി യോഗം ചേർന്നത് എന്നാണെന്നും നിലവിൽ എത്ര പെൻഷൻ അപേക്ഷകൾ പരിഗണനയ്ക്കായി ശേഷിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | (എ) | പത്രപ്രവർത്തക പെൻഷൻ മാനേജിംഗ് കമ്മിറ്റി അവസാനമായി ചേർന്നത് 01 02.2021ലാണ്. പദ്ധതിയുടെ വ്യവസ്ഥകൾ പൂർണമായും പാലിക്കാതെ ലഭിച്ച 40 അപേക്ഷകൾ മാനേജിങ് കമ്മിറ്റിയുടെ പരിഗണനയ്ക്കായി ശേഷിക്കുന്നുണ്ട്. |
| (ബി) | പ്രസ്തുത കമ്മിറ്റി യോഗം ചേരാത്തതിനാൽ അർഹരായ നിരവധി പത്രപ്രവർത്തകർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ അടിയന്തരമായി യോഗം ചേരുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | പത്രപ്രവർത്തക പെൻഷൻ പദ്ധതി വ്യവസ്ഥകൾക്ക് അനുസൃതമായി ലഭിച്ചിട്ടുള്ള എല്ലാ അപേക്ഷകളിലും പെൻഷൻ വിതരണം ചെയ്തു വരുന്നുണ്ട്. 11.02.2021ൽ കൂടിയ മാനേജിങ് കമ്മിറ്റി, ഉപസമിതിക്ക് കൂടുതൽ അധികാരം നൽകിയിരുന്നു. 20.02.2023ലെ സ.ഉ.(സാധാ) നം.16/2023/ഐ പിആർഡി ഉത്തരവ് പ്രകാരം പെൻഷൻ കമ്മിറ്റി വഴി അംഗീകാരത്തിനായി സമർപ്പിച്ചിരുന്ന 19 അപേക്ഷകളിൽ പെൻഷൻ അനുവദിച്ചിട്ടുണ്ട്. വ്യവസ്ഥകൾ പൂർണമായി പാലിക്കാതെ ലഭിച്ച അപേക്ഷകളിന്മേൽ അന്തിമതീരുമാനമെടുക്കുന്നതിനായി പത്രപ്രവർത്തക പെൻഷൻ മാനേജിങ് കമ്മിറ്റി ചേരുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ